**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2197** **21-06-2024 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ഫാർമസി വഴി വിതരണം മരുന്ന വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കെ.എം.എസ്.സി.എൽ. കാരുണ്യ ഫാർമസി വഴി വിതരണം ചെയ്യുന്ന മരുന്നുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല. നിലവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ പൊതുജനങ്ങൾക്ക് മരുന്നുകൾ കൃത്യമായി നൽകിവരുന്നുണ്ട്. |
| (ബി) | കിഡ്നി മാറ്റിവെച്ച രോഗികൾ സ്ഥിരമായി കഴിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിന് കാലതാമസം വരുന്നതിനാൽ രോഗികൾ അനുഭവിക്കുന്ന പ്രയാസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കിഡ്നി മാറ്റിവച്ച രോഗികൾക്ക് ഗുണനിലവാരമുള്ള മരുന്നുകൾ EDL/SDL വഴിയും കാരുണ്യ/കെ.എം.എസ്.സി.എൽ. വഴിയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. നിലവിലെ സാഹചര്യത്തിൽ വിവിധ ആശുപത്രികളിൽ നിന്നും വൃക്ക മാറ്റി വച്ച രോഗികൾക്ക് ചില പ്രത്യേക ബ്രാൻഡ് മരുന്നുകൾ തന്നെ ഉപയോഗിക്കണമെന്ന് ചില ഡോക്ടർമാർ ശുപാർശ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരേ നിലവാരമുള്ള പല ബ്രാൻഡുകളിലെ ഒരേ മരുന്നിന് പല തരത്തിലുള്ള വിലയാണ് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഗുണനിലവാരത്തിലുള്ള മരുന്നുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് EDL/SDL വഴിയും കാരുണ്യ/ കെ.എം.എസ്.സി.എൽ. വഴിയും മരുന്ന ലഭ്യമാക്കുന്നത്. ഇതിനു പുറമേ വിവിധ സ്കീമുകളിലൂടെയും HDS ഫണ്ടുപയോഗിച്ചും മരുന്നുകൾ ലഭ്യമാക്കി വരുന്നുണ്ട്. |
| (സി) | ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പണം മുൻകൂർ ലഭ്യമാക്കിയിട്ടും അടച്ച തുകക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കാത്ത വിഷയം അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഫണ്ട് ഉപയോഗിച്ച് കെ.എം.എസ്.സി.എൽ. ന് കീഴിലുള്ള കാരുണ്യ പദ്ധതിയിലൂടെ മരുന്നുകൾ നൽകുന്ന പ്രക്രിയ കൃത്യമായി നടന്നു വരുന്നു. മുൻ കാലങ്ങളിലെ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾക്ക് വേണ്ടിയുള്ള വിതരണ ഉത്തരവുകളും നൽകിക്കഴിഞ്ഞു. കൊല്ലം കാരുണ്യ മെഡിസിൻ ഡിപ്പോ കേന്ദ്രീകരിച്ച് നിലവിൽ 2024-2025 സാമ്പത്തിക വർഷത്തിലേക്കുള്ള മരുന്നുകൾ |

| | | | |
|---|---|---|---|
| | | | കൂടി ആരോഗ്യ സ്ഥാപനങ്ങളിലേക്ക് ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ